കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ശ്രീ.സി.കെ.സുകുമാരൻ, സീനിയർ സൂപ്രണ്ട് (റിട്ട), ഫയൽ ചെയ്ത സി.പി(സി) നം.115/2017 നമ്പർ കേസ്- ഒ.എ.നം.2203/2015 കേസിന്റെ 03/11/2016-ലെ അന്തിമ ഉത്തരവ് നടപ്പിലാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സ.ഉ. (ആർ.റ്റി)നം. 3020/2017/തസ്വഭവ, തിരുവനന്തപുരം, തീയതി: 11/09/2017

പരാമർശം :

1. ഗ്രാമ വികസന കമ്മീഷണറുടെ 02/03/2013 ലെ 16411/എസ്റ്റാബി2/2012/സിആർഡി നമ്പർ നടപടിക്രമം.
2. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ.നം.2203/2015 നമ്പർ കേസിലെ 03/11/2016-ലെ അന്തിമ ഉത്തരവ്
3. ജി.ഒ (ആർ.റ്റി) നം.1090/2017/തസ്വഭവ തീയതി 05/04/2017
4. ശ്രീ.സി.കെ സുകുമാരൻ, എറണാകുളം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത സി.പി(സി)നം.115/2017 നമ്പർ കേസ്

ഉത്തരവ്

ഗ്രാമ വികസന വകുപ്പിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ നിന്നും വിരമിച്ച ശ്രീ.സി.കെ സുകുമാരൻ, ഹെഡ്ക്ളാർക്കായിരിക്കെ അച്ചടക്ക നടപടിയുമായി ബന്ധപ്പെട്ട് 29/06/2001-ൽ വയനാട് ജില്ലാ കളക്ടർ ടിയാനെ സസ്പെൻഡ് ചെയ്യുകയും പിന്നീട് സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുകയും 04/08/2012 ലെ ഉത്തരവ് പ്രകാരം സസ്പെൻഷൻ കാലം ക്രമീകരിക്കുകയും ചെയ്തു. ടിയാനെതിരെ ഉണ്ടായിരുന്ന വിജിലൻസ് കേസ്, 13/06/2012 ലെ ഉത്തരവ് പ്രകാരം ടിയാനെ കുറ്റ വിമുക്തനാക്കിക്കൊണ്ട് വയനാട് വിജിലൻസ് കോടതി തീർപ്പാക്കിയതിന്റെ അടിസ്ഥാനത്തിൽ 16/08/2007 മുതൽ മുൻകാല പ്രാബല്യത്തോടെ സീനിയർ സൂപ്രണ്ട് തസ്തികയിൽ പ്രൊമോഷൻ നൽകിക്കൊണ്ട് പരാമർശം(1) പ്രകാരം ഗ്രാമവികസന കമ്മീഷണർ ഉത്തരവായി. ടിയാന് ശമ്പളക്കുടിശ്ശികയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ലെന്നും KS&SSR Part II Rule 28(b) (i) പ്രകാരമുള്ള പെൻഷൻ ആനുകൂല്യങ്ങൾക്കു മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളുവെന്നും പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്തിരുന്നു.

സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ലഭിച്ച പ്രൊമോഷനെത്തുടർന്നുള്ള സാമ്പത്തികാനുകൂല്യങ്ങൾ ലഭിക്കുന്നതിനു വേണ്ടി ശ്രീ.സി.കെ.സുകുമാരൻ ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഒ.എ 2203/2015 നമ്പർ കേസ് ഫയൽ ചെയ്തു. പ്രസ്തുത കേസിന്റെ പരാമർശം(2)ലെ

ഉത്തരവ് നടപ്പാക്കിക്കൊണ്ട് പരാമർശം(3)പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിനെതിരെ ശ്രീ.സി.കെ.സുകുമാരൻ പരാമർശം(4) പ്രകാരം കോടതിയലക്ഷ്യ ഹർജി ഫയൽ ചെയ്തു.

സർക്കാർ ഇക്കാര്യം വീണ്ടും പരിശോധിച്ചു സാധാരണയായി DCRG -യ്ക്ക് പലിശ അനുവദിക്കാൻ കേരളാ സർവ്വീസ് ചട്ടങ്ങളിൽ വ്യവസ്ഥകളൊന്നും നിലവിലില്ല. ശ്രീ.സി.കെ.സുകുമാരന് 01/06/2011 മുതൽ DCRG നൽകിയ തീയതി വരെയുള്ള കാലയളവിൽ 9% വാർഷിക പലിശ നൽകുവാൻ പരാമർശം(2) പ്രകാരം ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവായ സാഹചര്യത്തിൽ ടിയാന് അനുവദനീയമായ DCRG തുകയ്ക്ക് 9% വാർഷിക പലിശ ബന്ധപ്പെട്ട കാലയളവിലേക്ക് കണക്കാക്കി '2071-01-104-88 (C) NP' എന്ന ശീർഷകത്തിൽ നിന്ന് അടിയന്തിരമായി അനുവദിക്കുന്നതിന് ഗ്രാമവികസന കമ്മീഷണർക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവാകുന്നു. തുകയുടെ കൃത്യത ഗ്രാമവികസന കമ്മീഷണർ ഉറപ്പു വരുത്തേണ്ടതാണ്. സീനിയർ സൂപ്രണ്ട് തസ്തികയിൽ അപേക്ഷകൻ ജോലി ചെയ്തിട്ടില്ലാത്തതിനാൽ പ്രസ്തുത തസ്തികയിലെ ശമ്പളത്തിന്റെ അടിസ്ഥാനത്തിലുള്ള ബാക്കി ലീവ് സറണ്ടർ അനുവദിക്കണമെന്ന ടിയാന്റെ ആവശ്യം നിരസിച്ചുകൊണ്ടും ഉത്തരവാകുന്നു.

ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ നം.2203/2015 നമ്പർ കേസിന്റെ 03/11/2016 ലെ വിധിന്യായം ഇപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എ.ഷാജഹാൻ ഐ.എ.എസ്
സെക്രട്ടറി

1) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2) അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
3) ശ്രീ.സി.കെ സുകുമാരൻ, സീനിയർ സൂപ്രണ്ട് (റിട്ട) (ഗ്രാമവികസന കമ്മീഷണർ മുഖേന)
4) അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
5) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6) ധനകാര്യ വകുപ്പ് (31/08/2017 ലെ ഡബ്ല്യൂ.ഡബ്ല്യൂ -1/25/2017/ധന പ്രകാരം)
7) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ